**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **17-09-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയുടെ വ്യാവസായിക വളർച്ചയ്ക്ക് വൈദ്യുതി പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയുടെ വ്യവസായിക വളർച്ചയ്ക്ക് വൈദ്യുതി പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജില്ലയിലെ വൈദ്യുതി വിതരണത്തിലെ അപര്യാപ്തതയെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | വൈദ്യുതി പ്രസരണ രംഗത്തെ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തുകയും 2032 വരെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും അതനുസരിച്ച് നിരവധിയായ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയുടെ ചെറുതും വലുതുമായ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കാൻ 394.15 കോടി രൂപയുടെ കാസർഗോഡ് സ്പെഷ്യൽ പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗതിയിലാണ്. ഈ പാക്കേജിലെ ജോലികൾ പൂർത്തിയാക്കുന്നതോടെ ടി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | 33 കെവി സബ്സ്റ്റേഷനിൽ നിന്ന് പരമാവധി എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വൻ നിക്ഷേപം നടത്തുന്ന കമ്പനികൾക്ക് ഇത് മതിയാകുമോ എന്ന് വ്യക്തമാക്കാമോ; | (സി) | ഒരു സാധാരണ ഡബിൾ സർക്യൂട്ട് ഫീഡിംഗ് ഉള്ള 33kV സബ്സ്റ്റേഷനിൽ പരമാവധി 28 MVA ലോഡ് ചെയ്യാനാകും. ഉപഭോഗത്തിന് അനുസരിച്ച് മാത്രമേ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉപയോഗിക്കുന്നത് എന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. വിവിധ കമ്പനികളുടെ വൈദ്യുതിയുടെ ആവശ്യകത (കോൺട്രാക്ട് ഡിമാന്റ്) അടിസ്ഥാനപ്പെടുത്തി മാത്രമേ സബ്സ്റ്റേഷന്റെ പര്യാപ്തത നിർണ്ണയിക്കുവാൻ കഴിയൂ. |
| (ഡി) | ജില്ലയിൽ എത്ര സബ്സ്റ്റേഷനുകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പുതുതായി എത്ര സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ആലോചനയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് ഡിവിഷന് കീഴിൽ നിലവിൽ 18 സബ്സ്റ്റേഷനുകളാണ് ഉള്ളത്. മണ്ഡലം തിരിച്ചുള്ള എണ്ണം അനുബന്ധം ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | വ്യവസായ എസ്റ്റേറ്റുകളിൽ വൈദ്യുതി ആവശ്യം കൂടിയിട്ടും വിതരണം പഴയ അവസ്ഥയിൽ തുടരുകയാണെന്ന പരാതിക്ക് എന്ത് പരിഹാരമാർഗ്ഗമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | കാസർഗോഡ് ജില്ലയിലെ വ്യവസായ പാർക്കുകളുടെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു അനന്തപുരം, മടിക്കൈ, സീതാംഗോളി എന്നീ സ്ഥലങ്ങളിൽ 110കെവി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നിനു വേണ്ട പ്രരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ 400kV കരിന്തളം സബ്സ്റ്റേഷൻ യാഥാർത്ഥ്യം ആയാൽ മാത്രമേ കാസർകോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധിക്ക് ഒരു ശാശ്വത പരിഹാരം ഉണ്ടാവുകയുള്ളൂ.<br><br>വൈദ്യുതി വിതരണ മേഖലയിൽ ദ്യുതി സ്പെഷ്യൽ പാക്കേജ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ട്രാൻസ്മിഷൻ ശൃംഖല മെച്ചപ്പെടുത്തുകയും ചെയ്യുന്ന മുറയ്ക്ക് ഈ പ്രദേശത്തെ പ്രശ്നങ്ങൾക്ക് വലിയൊരളവു വരെ പരിഹാരമാകും. |
| (എഫ്) | കാസർഗോഡ് ജില്ലയുടെ ചെറുതും വലുതുമായ വൈദ്യുതി പ്രശ്നങ്ങൾ പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു വിദഗ്ധസമിതിയെ നിയോഗിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | കാസർഗോഡ് ജില്ലയുടെ ചെറുതും വലുതുമായ വൈദ്യുതി പ്രശ്നങ്ങൾ പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു വിദഗ്ധസമിതിയെ നിയോഗിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **മണ്ഡലം** | **നിലവിൽ ഉള്ളവ** | **പുതുതായി സ്ഥാപിക്കാൻ അനുമതി ലഭിച്ചവ** | **പുതുതായി സ്ഥാപിക്കാൻ സാങ്കേതിക പഠനം നടന്നു വരുന്നവ** |
|---|---|---|---|
| **മഞ്ചേശ്വരം മണ്ഡലം** | 110kV സബ്സ്റ്റേഷൻ - 2 എണ്ണം<br>33kV സബ്സ്റ്റേഷൻ - 2 എണ്ണം | 1 എണ്ണം (110kV സീതാംഗോളി) | 1 എണ്ണം (33kV) |
| കാസർഗോഡ് മണ്ഡലം | 110kVസബ്സ്റ്റേഷൻ-2 എണ്ണം<br>33kVസബ്സ്റ്റേഷൻ-2 എണ്ണം | 1 എണ്ണം (110kV അനന്തപുരം) | |
| ഉദുമ മണ്ഡലം | 220kV സബ്സ്റ്റേഷൻ - 1 എണ്ണം | 2 എണ്ണം (33kVപെലമർവ, 110KVകുറ്റിക്കോൽ) | 4 എണ്ണം (110kV -1, 33kV-3) |
| കാഞ്ഞങ്ങാട് മണ്ഡലം | 220kVസബ്സ്റ്റേഷൻ -1 എണ്ണം,<br>110kVസബ്സ്റ്റേഷൻ - 1 എണ്ണം,<br>33kVസബ്സ്റ്റേഷൻ - 3 എണ്ണം. | | 3 എണ്ണം (110kV -1, 33kV-2) |
| തൃക്കരിപ്പൂർ മണ്ഡലം | 110kV സബ്സ്റ്റേഷൻ - 1 എണ്ണം<br>33kV സബ്സ്റ്റേഷൻ - 3 എണ്ണം | | 1 എണ്ണം (33kV ) |
| വെള്ളരിക്കുണ്ട് മണ്ഡലം | | | 1 എണ്ണം (110kV) |